"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിൽ ഫുൾ ടൈം സ്വീപ്പറായ ശ്രീ.ജിതേഷ്.വി.എം, കക്കോടി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായ ശ്രീ.ഗോവിന്ദൻ എന്നിവർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1553/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/08/2020

---

പരാമർശം:- 1 ശ്രീ.ജിതേഷ്.വി.എം സമർപ്പിച്ച 09.09.2016 ലെ അപേക്ഷ

2 ശ്രീ.ഗോവിന്ദൻ സമർപ്പിച്ച 09.11.2016 ലെ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 16.02.2018. 28.09.2018 എന്നീ തീയതികളിലെ ഇ9-40346/16 നം. കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിൽ ഫുൾ ടൈം സ്വീപ്പറായ ശ്രീ.ജിതേഷ്.വി.എം, കക്കോടി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായ ശ്രീ.ഗോവിന്ദൻ എന്നിവർ അവരുടെ ശാരീരിക അവശതകൾ കണക്കിലെടുത്ത് നിലവിൽ ജോലി ചെയ്യുന്ന ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ നിന്ന് സമാന ശമ്പള സ്കെയിലിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സഹിതം പരാമർശം (1),(2) പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരാമർ ശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.. അപേക്ഷകർക്ക് നിലവിലുള്ള ജോലി ചെയ്യുന്നതിനു തടസ്സമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രങ്ങളും അപേക്ഷകർ പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫുൾടൈം സ്വീപ്പറുടെയും ഓഫീസ് അറ്റൻഡന്റിന്റെയും ശമ്പള സ്കെയിലുകൾ തുല്യമാണ്. എന്നാൽ രണ്ടു വിഭാഗത്തിന്റെയും ജോലി സ്വഭാവം, റിക്രൂട്ട്മെന്റ് രീതികൾ എന്നിവ വ്യത്യസ്ഥമാണ്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബാധകമായിട്ടുളളത് ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളാണ്. ടി റൂളിലെ ചട്ടം 2 പ്രകാരം തസ്തികകളുടെ കാറ്റഗറി മാറ്റത്തിന് പറഞ്ഞിരിക്കുന്ന പൊതുവ്യവസ്ഥ ടി തസ്തികകളുടെ നിയമനം ഒരേ റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കണം എന്നതാണ്. എന്നാൽ അപേക്ഷകർ ജോലി ചെയ്തു വരുന്ന അവരുടെ നിലവിലെ ഫുൾ ടൈം സ്വീപ്പർ തസ്തികയ്ക്ക് സമാനമായ മറ്റൊരു തസ്തിക പഞ്ചായത്ത് വകുപ്പിലില്ല. അപേക്ഷകർക്ക് ആരോഗ്യ പ്രശ്നങ്ങൾ കാരണം നിലവിലുള്ള ജോലി ചെയ്യുന്നതിനു തടസ്സമുള്ളതായി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിൽ ഫുൾ ടൈം

സ്വീപ്പറായ ശ്രീ.ജിതേഷ്.വി.എം, കക്കോടി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായ ശ്രീ.ഗോവിന്ദൻ എന്നിവർക്ക്,അവരുടെ ശാരീരികസ്ഥിതി കണക്കിലെടുത്ത് മാനുഷിക പരിഗണന നല്കി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇത് ഒരു കീഴ്വഴക്കമാക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ അപേക്ഷകർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉചിതമായ സ്ഥലത്ത് നിയമനം നല്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

ശ്രീ.ജിതേഷ്.വി.എം, ഫുൾടൈം സ്വീപ്പർ, പയ്യോളി നഗരസഭ, കോഴിക്കോട് ജില്ല. (സെക്രട്ടറി, പയ്യോളി നഗരസഭ മുഖേന)

ശ്രീ.ഗോവിന്ദൻ, കക്കോടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല. (സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത് മുഖേന)

സെക്രട്ടറി, പയ്യോളി നഗരസഭ,കോഴിക്കോട് ജില്ല.

സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത്,കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/62/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danuj(?)

സെക്ഷൻ ഓഫീസർ